# ഗവൺമെൻ്റ് എൽ.പി സ്കൂൾ ചണ്ണാളി

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ആമുഖം

മാറ്റം കാലഘട്ടത്തിൻറെ ആവശ്യമാണ്. അതിവേഗം കുതിച്ചു കൊണ്ടിരിക്കുന്ന കാലത്തിനൊപ്പം ഓടിയെത്തുക എന്നത് പ്രധാനമാണ്. പരമ്പരാഗത രീതികളിൽ നിന്ന് മാറി ജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റം എല്ലാ മേഖലകളിലും ദൃശ്യമാണ്.

യാഥാർത്ഥ്യം ഉൾക്കൊണ്ട് നമ്മുടെ കുട്ടികളെയും സജ്ജരാക്കേണ്ടതുണ്ട്. വിദ്യാലയങ്ങളും അധ്യാപകരും അക്കാദമികമായി വിദ്യാർത്ഥികളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നേതീരൂ. തീവ്രമായ ഒരു മുന്നേറ്റം അനിവാര്യമാണ്. ചണ്ണാളിഗ്രാമത്തെ വെളിച്ചത്തിലേക്ക് നയിച്ച വിദ്യാലയമാണ് ചണ്ണാളി ഗവൺമെൻറ് എൽ.പി സ്കൂൾ. 74 വർഷം പിന്നിട്ട ഈ വിദ്യാലയം മാറ്റം ഉൾക്കൊണ്ട് കുതിക്കാൻ ഒരുങ്ങുകയാണ്. ആയതിനു മുഴുവൻ ആളുകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

# <u>ചരിത്രം</u>

വയനാട് ജില്ലയിൽ ബത്തേരി ഉപജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിന് കീഴിൽ 1956 ജൂൺ 1 ന് സ്ഥാപിതമായ ഒരു സർക്കാർ വിദ്യാലയമാണ് ചണ്ണാളി ഗവൺമെൻറ് എൽ.പി.സ്കൂൾ. പ്രി-പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ ഏകദേശം 145 കുട്ടികൾ ഇന്ന് ഇവിടെ പഠിക്കുന്നു. വയനാട് ജില്ലയിലെ തന്നെ ആദ്യ ഹൈടെക്ക് വിദ്യാലയമാണിത്.ചണ്ണാളി ഗവൺമെൻറ് എൽ.പി.സ്കൂൾ 1956 ൽ ഒരു ഓല ഷെഡ്ഡിലാണ് പ്രവർത്തനമാരംഭിച്ചത്. പരിമിതമായ സൗകര്യങ്ങളിൽ വീർപ്പുമുട്ടി ആണെങ്കിലും ഒരുപാട് പേർക്ക് അക്ഷരവെളിച്ചം ഏകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു .ഈ വിദ്യാലയം ഇന്ന് പ്രദേശവാസികളായ നൂറുകണക്കിന് സാധാരണ വിദ്യാർത്ഥികളുടെ പഠന കേന്ദ്രമാണ് . ചണ്ണാളി ജൈല മൻസിലിൽ പരേതനായ ശ്രീ യൂസഫ് റാവുത്തറാണ് വിദ്യാലയത്തിന് വേണ്ടി സ്ഥലം ദാനം ചെയ്തത്. പ്രദേശവാസികളായ ഒട്ടേറെപ്പേരുടെയും മുൻ അധ്യാപകരുടേയും സേവനം ഈ വിദ്യാലയത്തിന്റെ പുരോഗതിക്ക് പിന്നിലുണ്ട് . വിദ്യാലയ പുരോഗതിക്ക് വേണ്ടി മീനങ്ങാടി ഗ്രാമപഞ്ചായത്ത് എസ് എസ് കെ എന്നിവരുടെ മികച്ച സേവനം ലഭിച്ചു കൊണ്ടിരിക്കുന്നു....

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നാക്കി മാറ്റാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു .

## പൊതുലക്ഷ്യം

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി ക്ലാസ് മുറികൾ ഹൈടെക് ആക്കും.

3. ജൈവ വൈവിധ്യ ഉദ്യാനം നിലവിൽ വരും.

4. ശാസ്ത്രീയ പ്രി സ്കൂൾ വിദ്യാഭ്യാസം.

5. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പരിഗണനയിലൂടെ മുൻ നിരയിലെത്തിക്കൽ. പ്രത്യേക

6. പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി മുക്തവുമായ ക്യാമ്പസ്.

## 7. കുട്ടികൾക്ക് ഭാഷ (ഇംഗ്ലീഷ്,മലയാളം) അനായാസമായി കൈകാര്യം ചെയ്യാൻ അവസരമൊരുക്കും.

| Sl no | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളുടെ അടിസ്ഥാനപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പഠനം സന്തോഷകരമാക്കുന്നതിനും ഊന്നൽ നൽകുന്നതിനുവേണ്ടി.... | * പുതിയ അധ്യയന വർഷത്തെ സ്വാഗതം ചെയ്യുക.<br>ക്ലാസ് റൂം ക്രമീകരിക്കുക.<br>* അടിസ്ഥാന കഴിവുകൾ വിലയിരുത്തുന്നതിനുള്ള പ്രാരംഭ പരീക്ഷകൾ നടത്തുക.<br>* വായനാ വാരം/വായനാ മാസം ആചരിക്കുക.<br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ. | ജൂൺ-ജൂലൈ | CLASS TEACHERS<br>SRG CONVENOR | HM<br>PTA<br>SMC<br>SRG |
| 2. | ഭാഷാ പഠനം ശക്തിപ്പെടുത്തൽ<br>ശാസ്ത്ര പഠനത്തിൽ താൽപര്യം വർധിപ്പിക്കുന്നതിനുവേണ്ടി | * സ്വാതന്ത്ര്യദിനാഘോഷം.<br>* ഓണാഘോഷം - കളികളും കലാപരിപാടികളും. | ഓഗസ്റ്റ്-സെപ്റ്റംബർ: | CLASS TEACHERS<br>SRG CONVENOR | PTA<br>SMC<br>SRG |

| | | | | | |
|---|---|---|---|---|---|
| | | * കഥാ രചനാ മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ.<br>* ചെറിയ സയൻസ് പ്രോജക്റ്റുകൾ ആരംഭിക്കുക. | | | |
| 3. | -ഗണിത പഠനം ആസ്വാദ്യകര്യവും രസകരവുമാക്കുന്നതിനുവേണ്ടി.<br>-കായിക പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിനുവേണ്ടി | * ഗാന്ധിജയന്തി ആഘോഷം - ശുചിത്വ പ്രവർത്തനങ്ങൾ.<br>* പഠനയാത്രകൾ (സമീപത്തുള്ള സ്ഥലങ്ങൾ, മ്യൂസിയം, പാർക്ക്).<br>* ഗണിത ലാബ് പ്രവർത്തനങ്ങൾ.<br>* കായിക ദിനം/വാരാചരണം. | ഒക്ടോബർ-നവംബർ: | TEACHERS<br>SRG CONVENOR | PTA<br>SMC<br>SRG |
| 4. | -മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിന്<br>-സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | * ക്രിസ്മസ് ആഘോഷം.<br>* വാർഷിക പരീക്ഷകൾക്ക് മുന്നോടിയായുള്ള റിവിഷൻ.<br>* കലാമേള/കലോത്സവം.<br>* പാരന്റ്-ടീച്ചർ | ഡിസംബർ-ജനുവരി: | | |

| | | | | | |
|---|---|---|---|---|---|
| | | മീറ്റിംഗുകൾ. | | | |
| 4. | | * വാർഷിക പരീക്ഷകൾ.<br>* റിസൾട്ട് പ്രഖ്യാപനം.<br>* അടുത്ത അധ്യയന വർഷത്തേക്കുള്ള തയ്യാറെടുപ്പുകൾ.<br>* പുതിയ കുട്ടികൾക്കുള്ള ഓറിയന്റേഷൻ. | ഫെബ്രുവരി-മാർച്ച് | | |
| 5 | **കാവ്യോത്സവം**<br>**പാട്ടരങ്ങ്**<br>**കഥോത്സവം**<br>**പാവനാടകശിൽപശാല** | 1,2 ക്ലാസ്സുകളിലെ കുട്ടികൾ ക്ലാസ്സിൽ പാട്ട രങ്ങിൽ അവതരിപ്പിച്ച മികവാർന്ന പാട്ടുകളും.3, 4 ക്ലാസ്സുകളിലെ കുട്ടികൾ കാവ്യോത്സവത്തിലൂടെ അവതരിപ്പിച്ച മികച്ചവയും സ്കൂളിൽ പൊതുവായി അവതരിപ്പിക്കുന്നു.<br><br>വിദഗ്ധരായഅധ്യാപകരെ പങ്കെടുപ്പിച്ച പാവനാടകശിൽപ്പശാല സംഘടിപ്പിക്കുന്നു.<br><br>പാഠഭാഗങ്ങളെ പാവനാടകത്തിലൂടെ | january-february | Class teachers | HM<br>PTA |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുകയും ചെയ്യുന്നു. | | | |
| 6 | **കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കൽ** | ക്ലാസ്സ് പ്രവർത്തങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന കവിതകൾ, കഥകൾ, വായനകറിപ്പ്, പത്രം എന്നിവ പ്രത്യേക മുറിയിൽ സജ്ജീകരിച്ച മൈക്കിലൂടെ അവതരിപ്പിക്കാനും ക്ലാസ്സ് മുറികളിൽ സജ്ജീകരിച്ച സ്പീക്കറിലൂടെ കേൾക്കാനും അവസരം ഒരുക്കുന്നു.<br><br>സ്കൂൾ ആകാശവാണി (3,4 ക്ലാസ്സുകളിൽ)<br><br>ക്ലാസ്സ്റും ഉൽപ്പന്നങ്ങൾക്ക് പുറമെ പത്രം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ആകാശവാണിയിലൂടെ അവതരിപ്പിക്കുന്നു. തിങ്കൾ, ചൊവ്വ, ബുധൻ, | JUNE TO MARCH | CLASS TEACHERS<br>SRG CONVENOR | HM<br>PTA |

| | | | | | |
|---|---|---|---|---|---|
| | | വ്യാഴം,വെള്ളി ദിവസങ്ങളിൽ ഉച്ചക്ക് 1.15 മുതൽ 1.50 വരെയും ഗാനങ്ങൾ, കവിത, കഥ, പ്രാദേശിക വാർത്തകൾ എന്നിവ അവതരിപ്പിക്കാൻ അവസരം | | | |
| 7. | **നാടക കളരി** | സ്കൂളിൽ ഒരു നാടക ക്യാമ്പ് പരിചയ സമ്പന്നരായ നാടക നടന്മാരുടെ നേതൃത്വത്തിൽ ഒരു ദിവസം നീണ്ടുനിൽക്കുന്ന നാടക ക്യാമ്പ് | OCTOBER | SRG CONVENOR | HM<br>PTA |
| 8 | **ആരോഗ്യ കായിക വിദ്യാഭ്യാസം**<br>**അച്ചടക്കം ശാരീരിക മാനസികം എന്നിവയുടെ അടിത്തറ രൂപപ്പെടുത്തൽ, വളർച്ച പേശി വികാസം കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുക ശാരീരിക വളർച്ചയ്ക്ക് പോഷകപ്രധാനമായ ഭക്ഷണം നൽകൽ** | കായികപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br>സബ്ജില്ലാ കായികമേളയ്ക്ക് മുന്നോടിയായി കായികപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു. | JULY-FEBRUARY | CLASS TEACHERTS | HM<br>PTA |

| | | | | | |
|---|---|---|---|---|---|
| | | സ്കൂളിലുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി മാസ് ഡ്രില്ലിൽ പ്രാഥമിക പരിശീലനം നൽകുന്നു തുടർന്ന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളുടെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ പരിശീലിപ്പിക്കുന്നു ഉച്ചഭക്ഷണം സർക്കാർ ധനസഹായത്തോടെ നൽകുന്ന ഭക്ഷണത്തോടൊപ്പം പ്രാദേശികമായി സമാഹരിക്കുന്ന അധിക വിഭവങ്ങളും ഉൾപ്പെടുത്തുന്നു കൂടാതെ സ്കൂൾ വളപ്പിൽ പപ്പായ ചേന ചേമ്പ് എന്നിവ കൃഷി ചെയ്യുന്നു | | | |
| 8 | **കലാപഠനം**<br>കുട്ടികളുടെ സർഗ്ഗശേഷി വികാസം പൊതുവേദികളിൽ നിസ്സങ്കോചം പങ്കെടുക്കുവാനുള്ള കഴിവ് നേടൽ. വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ പരിചയപ്പെടൽ | ഒന്നാംതരത്തിലും രണ്ടാം തരത്തിലും ബാലസഭ രൂപീകരിക്കുന്നു ആഴ്ചയിലെ അവസാന ദിവസം ക്ലാസതലത്തിൽ കലാപരിപാടികൾ | JULY,AUGUST,JANUARY | CLASS TEACHERS | HM<br>PTA<br>SRG<br>SMC |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുന്നു ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെട്ട സ്കിറ്റ് കഥ കവിത എന്നിവയും മറ്റു പരിപാടികളും അവതരിപ്പിക്കുന്നു 3, 4 ക്ലാസ് തലത്തിൽ ബാലസഭ രൂപീകരിക്കുന്നു .ക്ലാസ് തല ബാലസഭയുടെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ചയും പരിപാടികൾ സംഘടിപ്പിക്കുന്നു ബാലസഭ സ്കൂൾതലം ജൂലൈ മാസം സ്കൂൾതല ബാലസഭ രൂപീകരിക്കുന്നു പരിപാടികൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു . ഉപജില്ല കലാമേളയിൽ പങ്കെടുക്കേണ്ട കുട്ടികളെ തിരഞ്ഞെടുക്കുന്നു. സ്കൂൾ വാർഷികാഘോഷം പ്രവർത്തനങ്ങൾ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികളെ | | | |

| | | | | | |
|---|---|---|---|---|---|
| | | ഗ്രൂപ്പുകൾ ആക്കുന്നു.<br>ഓരോ ഗ്രൂപ്പിനും ഓരോ അധ്യാപകർക്ക് ചുമതല നൽകുന്നു മത്സരങ്ങൾക്കായി അധ്യാപകരും രക്ഷിതാക്കളും കുട്ടികളെ ഒരുക്കുന്നു .<br>പൂർവ്വ വിദ്യാർത്ഥികൾ രക്ഷിതാക്കൾ പ്രാദേശികമായി കിട്ടാവുന്ന ആളുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പരിശീലനം നൽകുന്നു വാർഷിക പൊതുയോഗത്തിൽ തീരുമാനിക്കുന്ന പ്രകാരം കലാകായിക മത്സരങ്ങൾ നടത്തുന്നു കലാകായിക മത്സരങ്ങൾ മികവുപുലർത്തുന്ന കുട്ടികൾക്ക് വാർഷിക ദിനത്തിൽ സമ്മാനങ്ങൾ നൽകുന്നു | | | |
| 9 | Daily Reading Time | ഓരോ ക്ലാസ്സിലും ദിവസവും ഒരു നിശ്ചിത സമയം വായനയ്ക്കായി | June to march | Class teachers | SRG |

| | | | | | |
|---|---|---|---|---|---|
| | | മാറ്റിവെക്കുന്നു.Malayalam,English,Arabic | | | |
| 10 | കഥാ ക്ലബ് (Story Club): | കുട്ടികൾക്ക് സ്കൂളിൽ കഥകൾ പറയാനും കേൾക്കാനുമുള്ള അവസരം നൽകുന്നു. | June to march | Class teachers | SRG |
| 11 | കളികളിലൂടെ പഠനം (Learning through Play): | പാഠഭാഗങ്ങൾ കളികളിലൂടെ അവതരിപ്പിക്കുന്നു. | June to march | Class teachers | SRG |
| 12 | * പ്രോജക്റ്റ് അധിഷ്ഠിത പഠനം (Project-Based Learning): | ലളിതമായ പ്രോജക്റ്റുകൾ നൽകി കുട്ടികളിൽ അന്വേഷണാത്മകത വളർത്തുക. | october-november | Class teachers | SRG |
| 13 | കമ്പ്യൂട്ടർ പഠനം (Computer Education) | അടിസ്ഥാന കമ്പ്യൂട്ടർ പഠന ക്ലാസുകൾ എല്ലാ കുട്ടികൾക്കും നൽകുന്നു. | June to march | Class teachers | SRG |
| 14 | എഴുത്ത് പരിപോഷിപ്പിക്കാൻ | *മാഗസിൻ നിർമാണം<br>*ചുമർ പത്രം<br>*വായന കാർഡ് നിർമാണം<br>2.വായന<br>*പത്ര വായന പ്രോത്സാഹിപ്പിക്കുക | JULY,AUGUST SEPTEMBER | Class teachers | SRG |

| | | | | | |
|---|---|---|---|---|---|
| | | വാരാവസാനം നോട്ടീസ് ബോർഡിൽ ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു കുട്ടികൾ ഉത്തരങ്ങൾ എഴുതി(പേര് സഹിതം) ബോക്സിൽ നിക്ഷേപിക്കുന്നു. വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു | | | |
| 15. | പ്രവൃത്തിപരിചയ ശിൽപശാലകൾ or പരിശീലനങ്ങൾ | പ്രവൃത്തിപരിചയ ശിൽപ്പശാലകൾ പ്രഗല്ഭര വെച്ചു കൊണ്ടും രക്ഷിതാക്കളുടെ സഹകരണത്തോടെ നടത്തുന്നു. | NOVEMBER | HM<br>TEACHERS<br>CLASS TEACHERS | PTA<br>SMC<br>SRG |
| 16. | Spoken english training | പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | SEPTEMBER-FEBRUARY | HM<br>TEACHERS | PTA<br>SRG |
| 17 | physical Education Activities | ആഴ്ച്ചയിൽ രണ്ടു പിരീയഡ് കായിക വിദ്യാഭ്യാസം എല്ലാ ക്ലാസ്സുകൾക്കും നൽകുന്നു | JUNE TO MARCH | TEACHERS | PTA<br>SRG |

## അധ്യാപകരുടെ പങ്ക് (Role of Teachers):

* ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക.
* നൂതനമായ പഠനരീതികൾ ക്ലാസ്സിൽ പ്രയോജനപ്പെടുത്തുക.

| |
|---|
| * കുട്ടികളുടെ സംശയങ്ങൾക്ക് ഉത്തരം നൽകുകയും അവരെ പഠനത്തിൽ സഹായിക്കുകയും ചെയ്യുക.<br>* മാതാപിതാക്കളുമായി നിരന്തരം ആശയവിനിമയം നടത്തുക.<br>* പ്രൊഫഷണൽ പഠനത്തിലൂടെ പുതിയ അറിവുകൾ നേടുക |
| **അടിസ്ഥാന സൗകര്യങ്ങൾ (Infrastructure):** |
| * പ്രസന്നമായ ക്ലാസ് മുറികൾ.<br>* ലൈബ്രറി (കുട്ടികൾക്കുള്ള പുസ്തകങ്ങൾ).<br>* കളിസ്ഥലം.<br>* ശുചിത്വമുള്ള ടോയ്‌ലറ്റുകൾ.<br>* കമ്പ്യൂട്ടർ ലാബ് (സാധ്യമെങ്കിൽ).<br>* കുടിവെള്ള സൗകര് |
| **വിലയിരുത്തൽ (Evaluation):** |
| * തുടർ മൂല്യനിർണ്ണയം (Continuous Assessment): ക്ലാസ് പ്രവർത്തനങ്ങൾ, പ്രോജക്റ്റുകൾ, ക്വിസുകൾ എന്നിവയിലൂടെ കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുക |